ഇ. എസ്. ഐ കോർപ്പറേഷൻ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതിയിൽ കേസുകൾ തീർപ്പാക്കുവാൻ തൊഴിലുടമകൾക്ക് സുവർണ്ണാവസരം.

ഒക്ടോബർ ഒന്ന് 2025ന് നിലവിൽ വന്ന ആംനെസ്റ്റി പദ്ധതിയിൽ ഇ. എസ്. ഐ. കോർപ്പറേഷൻ കോൺട്രിബ്യൂഷൻ തുക നിർണയിച്ചതിനെതിരെ തൊഴിലുടമകൾ ഫയൽ ചെയ്ത കേസുകൾ അവരുടെ റെക്കോർഡുകൾ പ്രകാരം വരുന്ന കോൺട്രിബ്യൂഷനും പലിശയും അടച്ച് തീർപ്പാക്കാവുന്നതാണ്. ഈ കാലയളവിന് ഡാമേജസ് അടയ്ക്കേണ്ടതില്ല. ഇതിന് കോടതിക്ക് പുറമേ കേസ് തീർപ്പാക്കാനുള്ള അനുവാദം ബന്ധപ്പെട്ട കോടതിയിൽ നിന്നു വാങ്ങി സബ് റീജണൽ ഓഫീസിൽ അധികാരിക്ക് മുമ്പാകെ ബന്ധപ്പെട്ട കാലയളവിലെ റെക്കോർഡുകൾ കാണിച്ചാൽ മതി.

ഡാമേജസ് സംബന്ധിച്ച് ഫയൽ ചെയ്ത കേസുകൾ ആണെങ്കിൽ വെറും 10% മാത്രം അടച്ച് കേസ് തീർപ്പാക്കാനുള്ള അവസരം ഉണ്ട്.

പ്രോസിക്യൂഷൻ കേസുകളിലും മുകളിൽ പറഞ്ഞ പോലെ റെക്കോർഡുകൾ പ്രകാരം കോൺട്രിബ്യൂഷനും പലിശയും അടച്ച് കേസ് തീർപ്പാക്കാവുന്നതാണ്. ഈ കാലയളവിന് ഡാമേജസ് ഈടാക്കുന്നതല്ല. എല്ലാ തൊഴിലുടമകളും ഈ ഒരു അവസരം പ്രയോജനപ്പെടുത്തി കേസുകളുടെ എണ്ണം പരമാവധി കുറയ്ക്കുവാൻ സഹകരിക്കണമെന്ന് ജോയിൻറ് ഡയറക്ടർ അഭ്യർത്ഥിച്ചു. സംശയനിവാരണത്തിന് സബ് റീജണൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ 0474-2761190, 949573300.

എന്ന് ജോയിൻറ് ഡയറക്ടർ

Digitally signed by
PALLIYIL BHASKARAN BEJOY
Date: 27-10-2025 14:53:52